"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.6 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി )വകുപ്പ്**

G.O.(Rt)No.2004/2025/LSGD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 25.11.2019 ലെ പി എ എൻ/13961/2019- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01.12.2023 ലെ ഡി.കെ.എസ്.എ /680/പി.റ്റി3/2023 നമ്പർ കത്ത്

**ഉത്തരവ്**

1 കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "പ്രൈമറി സ്കൂൾ വിദ്യാഭ്യാസ പരിപാടി (പ്രോ. നം. 27/2015)" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി എയിഡഡ് സ്കൂളുകൾക്ക് അലമാര വാങ്ങിയതിന് ചെലവായ 71,523/- രൂപ പരാമർശയിനം സബ്സിഡി മാർഗ്ഗരേഖാ വിരുദ്ധമായതിനാൽ 2014-2015 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം, സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ പൊതു വിദ്യാഭ്യാസ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖല സംരക്ഷണത്തിനും വരും വർഷങ്ങളിൽ കൂടുതൽ കുട്ടികളെ ആകർക്കുന്നതിനും വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും പരാമർശ പദ്ധതി നടപ്പാക്കിയത് എയ്ഡഡ് സ്കൂളിലാണെങ്കിലും പ്രസ്തുത സ്കൂളുകളിൽ പുസ്തകങ്ങൾ സുക്ഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമില്ല എന്നും സൗകര്യം ഏർപ്പെടുത്തുന്നതിന് സ്കൂളുകളിൽ മറ്റു ഫണ്ടുകൾ ലഭിക്കുന്നില്ലെന്നും ബോദ്ധ്യപ്പെട്ടിരുന്നന്നും വിദ്യാർത്ഥികളിൽ വായനാ ശീലം വളർത്തുന്നതിനു ഊന്നൽ നൽകി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം പൂർണ്ണമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്തിന് ധന നഷ്ടമൊന്നും സംഭവിച്ചിട്ടില്ലയെന്നു ഭരണ സമിതി വിലയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് എയിഡഡ് സ്കൂളുകളിലും പരാമർശ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്നതെന്നത് പരിഗണിച്ചും പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചു എന്ന

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വിലയിരുത്തൽ , ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിലും ബാലുശ്ശൂരി ഗ്രാമപഞ്ചായത്തിന്റെ **2014-2015** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-6** ലെ പരാമർശത്തിന് സാധുകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം **(2)** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2014-15** വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-6** പ്രകാരം തടസ്സപ്പെടുത്തിയ **71,523/- രൂപയുടെ ( എഴുപത്തി ഒരായിരത്തി അഞ്ഞൂറ്റി ഇരുപത്തി മുന്ന് രൂപ മാത്രം )** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/112/2019-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 13-08-2025 15:48:06

സെക്ഷൻ ഓഫീസർ